വരുന്നുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതിയോടെ പുനഃപ്രസിദ്ധീകരിക്കുകയും ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതൊക്കെ സ്പെഷ്യാലിറ്റി പോസ്റ്റ് എന്ന് വിവരിക്കുന്ന പട്ടിക ഗവൺമെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് സ്പെഷ്യാലിറ്റി കേഡർ സംവിധാനം പൂർണ്ണമായും നിലവിൽവരും. മറ്റ് ശുപാർശകളിൻമേൽ നടപടികൾ ഘട്ടംഘട്ടമായി എടുക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

129 [2565] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *കെ. എൻ. എ. ഖാദർ:*

,, *നാലകത്ത് സൂപ്പി:*

,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് സർജൻമാരുടെ 16 ഒഴിവുകളുണ്ട്. ഇവ നികത്താൻ നടപടി എടുത്തുവരുന്നു.

ഗവ. മെഡിക്കൽ കോളേജുകളിലെ ലക്ചറർ ഇൻ ഫാർമസി

130 [2566] *ശ്രീ. പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവ. മെഡിക്കൽ കോളേജുകളിൽ ലക്ചറർ ഇൻ ഫാർമസിയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഒഴിവുകൾ മുഴുവനും പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഗവ. മെഡിക്കൽ കോളേജുകളിലെ ലക്ചറർ ഇൻ ഫാർമസി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല്.

(ബി) ഇല്ല.

(സി) ഇതുമൂലം കാര്യമായ ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടില്ല.

(ഡി) വിദേശജോലിക്കായി അവധി അനുവദിക്കപ്പെട്ട പല ലക്ചറർമാരുടെയും അവധികാലയളവ് തീർന്നതിനാൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടുപേർ ജോലിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവർക്ക് ഉടനടി നിയമന ഉത്തരവ് നൽകുന്നതാണ്. മറ്റുള്ളവർ ജോലിയിൽ തിരികെ പ്രവേശിക്കുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി. എസ്. സി.യെ അറിയിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ ലെപ്രസി ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

131 [2567] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലെപ്രസി ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ എത്ര; എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) മലപ്പുറം ജില്ലയിൽ ലെപ്രസി ഇൻസ്പെക്ടർമാരുടെ അറുപത് ഒഴിവുകൾ നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

ഡി. എം. ഒ. ജില്ലാ ലെപ്രസി യൂണിറ്റ്	..	1
ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ്, നിലമ്പൂർ	..	18
ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ്, പൊന്നാനി	..	12
ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ്, വളവന്നൂർ	..	19
താലൂക്ക് ആശുപത്രി, തിരൂർ	..	2
താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ	..	1
പ്രൈമറി ഹെൽത്ത് സെന്റർ, താനൂർ	..	2

LIBRARY ARCHIVES Kerala Legislative Assembly